# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1771 17/06/13-ൽ മറുപടിക്ക്

## ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>,, കെ. ശിവദാസൻ നായർ<br>,, ജോസഫ് വാഴക്കൻ<br>,, അൻവർ സാദത്ത് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ ധനസഹായ പദ്ധതി. മാതൃകാ മത്സ്യഗ്രാമം പദ്ധതി എന്നിവ വഴി വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. |
| (ബി) ഇതിനായി എത്ര തുക ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) എൻ.എഫ്.ഡബ്ല്യൂ.എഫ് ഭവന പദ്ധതി പ്രകാരം 800 വീടുകൾ ഈ വർഷം അനുവദിക്കുന്നതിന് 16 കോടി രൂപ ചെലവഴിക്കുന്നതാണ്. മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം 4973 വീടുകൾക്കായി 110 കോടി രൂപയും മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനായി 25 കോടി രൂപയും അടക്കം 135 കോടി രൂപ 2011-2015 കാലയളവിൽ ചിലവഴിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ഭവനരഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. അപേക്ഷകർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 18 നും 60 നും ഇടയ്ക്ക് പ്രായമുള്ള യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം.
2. മത്സ്യഗ്രാമ നിവാസിയായിരിക്കണം.
3. CRZ നിയമപ്രകാരം വീട് വയ്ക്കുവാൻ ഉതകുന്ന കുറഞ്ഞത് 2 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.
4. DLMC (ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി) ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്.
5. അപേക്ഷകൻ വിവാഹിതനും കുടുംബം നയിക്കുന്നവനുമായിരിക്കണം.
6. വാസയോഗ്യമായ വീടില്ലാത്ത ആളായിരിക്കണം.
7. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
8. ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കാൻ പാടുള്ളൂ.
9. ബാക്കിയുള്ള 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന വിധവകൾക്കും കാൻസർ രോഗിക്കും വേണ്ടി മാറ്റി വെയ്ക്കണമെന്ന് മാതൃകാ മത്സ്യഗ്രാമ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുശാസിക്കുന്നു.
10. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഫണ്ട് ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം നറുക്കെടുപ്പിൽപ്പെടാത്ത അപേക്ഷകരിൽ നിന്നും അങ്ങേയറ്റം പരിഗണന അർഹിക്കുന്ന 10% അപേക്ഷകരെ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ